## വഴിവെളിച്ചം

# വിശ്വാസവും അചഞ്ചലതയും

عن سُفْيان بن عَبد اللّه الثَّقفي رَضي اللّه عَنه قَال : قُلتُ يَارَسُولَ اللّه ﷺ : قُلْ لِي فِى الإسْلامِ قَولاً لَا أَسْأَلُ عَنهُ أَحَدًا بَعدَكَ. قَالَ : قُلْ آمَنتُ بِاللّه ثُمّ اسْتَقِمْ.

**സുഫ്‌യാനുബ്നു അബ്ദില്ലാഹി സഖഫിയിൽനിന്ന് നിവേദനം: ഞാൻ ഒരിക്കൽ നബിയോടു പറഞ്ഞു: മറ്റാരോടും ചോദിക്കേണ്ടിവരാത്തവിധം ഇസ്‌ലാമിനെക്കുറിച്ച് ഒരു വാക്യം എനിക്കു പറഞ്ഞു തന്നാലും. "അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് അതിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക" - പ്രവാചകൻ പ്രതിവചിച്ചു (മുസ്‌ലിം).**

**അല്ലാഹുവിലുള്ള** വിശ്വാസത്തിന്റെയും അതിൽ അടിയുറച്ചുനിൽക്കുന്നതിന്റെയും ഗൗരവം ഓർമപ്പെടുത്തുന്നു ഈ ഹദീസ്. മുസ്‌ലിം ജീവിതത്തിലുടനീളം ശ്രദ്ധാപൂർവം ദീക്ഷിക്കേണ്ട മൗലിക ഗുണങ്ങളാണിവ.

ഇസ്‌ലാമികജീവിതത്തിന്റെ അടിസ്ഥാനശിലയാണ് വിശ്വാസം. ഈ ശിലയിന്മേലാണ് മുസ്‌ലിമിന്റെ ജീവിതസൗധം നിലകൊള്ളുന്നത്. അവന്റെ വ്യക്തിജീവിതം, കുടുംബജീവിതം, സാമൂഹിക ജീവിതം..... ഇവയുടെയൊക്കെ അടിസ്ഥാനം വിശ്വാസമാണ്. വിശ്വാസം എത്രത്തോളം ഭദ്രമാണോ അത്രത്തോളം ജീവിതവും ഭദ്രമായിരിക്കും.

'ലാഇലാഹഇല്ലല്ലാഹ്' എന്ന ആദർശത്തിന്റെ മൂലശിലയിൽ ജീവിതം കെട്ടിപ്പടുക്കുക എന്നതാണ് ഈമാനിന്റെ വിവക്ഷ. അല്ലാഹുവിനെ നിരന്തരം ഓർക്കുക, അവനുവേണ്ടി കർമങ്ങൾ ചെയ്യുക തുടങ്ങിയവ വിശ്വാസത്തിന്റെ തേട്ടങ്ങളാണ്. വിശ്വാസമെന്നാൽ ആദർശപ്രഖ്യാപനവും കർമവുമാണെന്ന് ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുണ്ട്.

അല്ലാഹുവിലുള്ള വിശ്വാസം, പ്രവാചകന്മാരിലുള്ള വിശ്വാസം, വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം.... ഇങ്ങനെ വിശ്വാസത്തിന്റെ പട്ടിക നീണ്ടതാണ്. ഈ വിശ്വാസഗണത്തിൽ പ്രഥമവും പ്രധാനവുമാണ് അല്ലാഹുവിലുള്ള വിശ്വാസം. വിശ്വാസങ്ങളുടെ ശിരസ്സാണ് അത്. മുസ്‌ലിം പ്രഥമമായി ഊട്ടിയുറപ്പിക്കേണ്ടത് അല്ലാഹുവിലുള്ള വിശ്വാസമാണ്. വിശുദ്ധഖുർആൻ പറയുന്നു: "അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ" (*അന്നിസാഅ്* 136). സുഫ്‌യാനുബ്നു അബ്ദില്ലയെ പ്രവാചകൻ ഓർമപ്പെടുത്തുന്നതും അല്ലാഹുവിലുള്ള വിശ്വാസമാണ്.

അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനവും അവനോടുള്ള അതിരറ്റ സ്നേഹവും അവന്റെ ഉത്തമനാമങ്ങളിലും ഗുണവിശേഷങ്ങളിലുമുള്ള സവിശേഷമായ അറിവുമാണ് ദൈവവിശ്വാസത്തിന്റെ കാതൽ. ഈ ഗുണങ്ങൾ ആർജിക്കുമ്പോഴാണ് ഒരാൾ വിശ്വാസത്തിന്റെ മാധുര്യം നുകരുന്നത്.

വിശ്വാസികളുടെ ഉത്തമതലമുറയാണ് പ്രവാചകന്റെ സ്വഹാബികൾ. വിശ്വാസത്തിന്റെ തനത് മാതൃകകളും പ്രകാശദീപങ്ങളുമായിരുന്നു അവർ. വിശ്വാസത്തിന്റെ കാര്യത്തിൽ അലംഭാവമോ അലസതയോ അവരിൽ കാണാനാവില്ല. വിശ്വാസത്തിൽ വല്ല ന്യൂനതയുമുണ്ടെന്ന് തോന്നിയാൽ, അത് പരിഹരിക്കാനുള്ള പോംവഴി അവർ കണ്ടെത്തുമായിരുന്നു. 'വരൂ, നമുക്ക് വിശുദ്ധ ഖുർആൻ പാരായണം ചെയ്ത് വിശ്വാസത്തിന്റെ തിളക്കം കൂട്ടാ'മെന്ന് പറഞ്ഞ് ഇബ്നുമസ്ഊദ്(റ) സുഹൃത്തുക്കളെ ക്ഷണിക്കാറുണ്ടായിരുന്നു.

അല്ലാഹുവിലുള്ള വിശ്വാസം ദുർബലമാവാതിരിക്കാൻ ജാഗ്രതപുലർത്തണം. വിശ്വാസത്തിന് സംഭവിക്കുന്ന ബലക്ഷയത്തെക്കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്: "നിങ്ങളുടെ മനസ്സിലെ വിശ്വാസം വസ്ത്രം നുരുമ്പുന്നതുപോലെ നുരുമ്പുകയും ദുർബലമാവുകയും ചെയ്യും" (ത്വബ്റാനി). അതിനാൽ വിശ്വാസത്തെ ഓരോ നിമിഷവും നവീകരിച്ചുകൊണ്ടിരിക്കണം. പ്രവാചകൻ പറയുന്നു: "നിങ്ങൾ നിങ്ങളുടെ വിശ്വാസം പുതുക്കിക്കൊണ്ടിരിക്കുക." "അല്ലാഹുവിന്റെ ദൂതരേ! ഞങ്ങൾ എങ്ങനെയാണ് ഞങ്ങളുടെ വിശ്വാസം പുതുക്കുക?" ഉടനെ ചോദ്യമുയർന്നു. "ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ധാരാളമായി ഉരുവിടുക" - അവിടുന്ന് പറഞ്ഞു (ഹാകിം).

നബിവചനത്തിലെ രണ്ടാമത്തെ നിർദേശം അടിയുറച്ചുനിൽക്കാനാണ്. പ്രതിസന്ധിഘട്ടങ്ങളിൽ ദൈവമാർഗത്തിൽ അടിയുറച്ച് നിൽക്കാൻ കഴിയണം; തീക്കട്ട കൈയിലെടുത്ത അനുഭവമാണ് നേരിടേണ്ടി വരുന്നതെങ്കിൽ പോലും.

എല്ലാ പ്രത്യയശാസ്ത്രങ്ങളെയും മാറ്റിനിർത്തി ഇസ്‌ലാമികദർശനത്തെമാത്രം ജീവിതമാനദണ്ഡമായി അവലംബിക്കുക എന്നതാണ് ഇസ്തിഖാമത്. വിശുദ്ധഖുർആൻ പറയുന്നു: "നിങ്ങളുടെ ദൈവം ഒരേയൊരുവൻ മാത്രമാണെന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. അതിനാൽ അവന്റെ ദിശയിൽ നിലകൊള്ളുവിൻ" (*അൽഫുസ്സിലത്ത്* 6). വിശ്വാസത്തിൽ കലർപ്പുകൾ ഉണ്ടാവരുത്. പ്രവാചകൻ പറയുന്നു: "ധാരാളം ആളുകൾ അല്ലാഹുവാണ് തങ്ങളുടെ നാഥനെന്ന് പറഞ്ഞിട്ടുണ്ട്. അധികമാളുകളും നിഷേധിച്ചുകളഞ്ഞു. മരണം വരെ ആദർശത്തിലുറച്ചുനിന്നവനാണ് അതിൽ നിലകൊണ്ടവനാവുക" (നസാഈ). 'അല്ലാഹു ചുമത്തിയ കർത്തവ്യങ്ങൾ അനുസരണയോടെ നിർവഹിക്കുക' എന്ന് ഇസ്തിഖാമത്തിനെ അലി(റ) നിർവചിക്കുന്നു.

പ്രവാചകന്മാരാണ് അടിയുറച്ചുനിൽപ്പിന്റെ ഉന്നതമാതൃകകൾ. നംറൂദിന്റെ അഗ്നികുണ്ഡം ആളിക്കത്തുമ്പോഴും ദൈവികപാതയിൽ അടിയുറച്ചുനിൽക്കുന്ന ഇബ്റാഹിം നബി. വലതുകൈയിൽ സൂര്യനും ഇടതുകൈയിൽ ചന്ദ്രനും വെച്ചുതന്നാൽ പോലും സത്യമാർഗത്തിൽനിന്ന് പിന്മാറില്ല എന്ന് പ്രഖ്യാപിക്കുന്ന മുഹമ്മദ് നബി. വിശ്വാസത്തിന്റെയും ഉറച്ചുനിൽപ്പിന്റെയും ഉജ്വലമാതൃകകളായി ഉയരുമ്പോഴാണ് വിശ്വാസിയുടെ വ്യക്തിത്വം മഹോന്നതമാകുന്നത്. ■

**ശമീർബാബു കൊടുവള്ളി**